പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 348

# 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 348

# 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

399/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 348

# 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി
പരിധി ആക്റ്റ് ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിൽ “പതിനാലായിരം കോടി രൂപയിൽ” എന്ന വാക്കുകൾക്കുപകരം “ഇരുപത്തിയൊന്നായിരം കോടി രൂപയിൽ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ധനകാര്യസ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും പണം സ്വരൂപിക്കുന്നതിനായി സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കോർപ്പറേഷനുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി ബോർഡുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും സർക്കാർ ഗാരണ്ടി നൽകിവരുന്നുണ്ട്. അത്തരം സംഗതികളിൽ സർക്കാർ, ഗുണഭോക്തൃ സ്ഥാപനങ്ങളുടെമേൽ പ്രതിവർഷം മൊത്തം ഗാരണ്ടി തുകയുടെ 0.75 ശതമാനം നിരക്കിൽ ഗാരണ്ടി കമ്മീഷൻ ചുമത്തുകയും ചെയ്യുന്നുണ്ട്. 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) പ്രകാരം 14,000 കോടി രൂപയാണ് ഗാരണ്ടികളുടെ നിലവിലെ പരമാവധി പരിധി.

സമീപകാലങ്ങളിൽ ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും ഗവൺമെന്റ് ഗാരണ്ടിക്കായുള്ള ആവശ്യം വർദ്ധിക്കുകയുണ്ടായി. മാത്രമല്ല സർക്കാർ പദ്ധതികളുടെ നടത്തിപ്പിനായി ഗാരണ്ടിക്കായുള്ള ആവശ്യകത വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള ഗാരണ്ടി പരിധി കാരണം ഇപ്രകാരം ധനവിനിയോഗത്തിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഗവൺമെന്റ് ഗാരണ്ടികളുടെ നിലവിലുള്ള പരിധി വർദ്ധിപ്പിച്ച് നിശ്ചയിക്കുക എന്നത് വിവേകപൂർവ്വമായ ധനകാര്യ മാനേജ്മെന്റിന്റെ താൽപ്പര്യത്തിന് അനുപേക്ഷണീയമായി തീർന്നിരിക്കുന്നു. ആയതിനാൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെ ഗവൺമെന്റ് ഗാരണ്ടി യുടെ പരമാവധി പരിധി നിലവിലുള്ള 14,000 കോടി രൂപയിൽനിന്നും 21,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി.

## 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2003-ലെ 30-ാം ആക്റ്റ്)

** ** ** **

3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കിനിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ പതിനാലായിരം കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

** ** ** **